(സി) ഉണ്ട്.

(ഡി) നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

യുവജന പാർലമെന്റ് സ്കീം

100 (3659) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ കോളേജ് തലങ്ങളിലുള്ള നിർദ്ദിഷ്ട യുവജന പാർലമെന്റ് സ്കീമിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സ്കീമിന്റെ ഘടനയും ലക്ഷ്യവും വ്യക്തമാക്കുമോ ;

(സി) ഈ സ്കീം നടപ്പിലാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സ്കൂൾ-കോളേജ് തലങ്ങളിൽ ഇതിനകം ഒരുക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) ഈ സ്കീം നടപ്പിലാക്കുന്നതിന് തൽവർഷം നീക്കിവെച്ചിട്ടുള്ള തുക എത്രയാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളെയും കോളേജുകളെയും പ്രസ്തുത സ്കീമിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോയെന്നതിനെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) യുവജന പാർലമെന്റ് സ്കീം സ്കൂളുകളിൽ പ്രവർത്തിക്കുന്നില്ല. കോളേജുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തെറ്റുകൾ തിരുത്തുന്നതിന് ഫീസ്

101 (3660) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തെറ്റുകൾ തിരുത്തുന്നതിന് ഈടാക്കുന്ന ഫീസ് എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പരീക്ഷാ ഭവനിൽ നിന്നും സംഭവിക്കുന്ന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിനും പ്രസ്തുത ഫീസ് ഈടാക്കുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് നിർത്തലാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തെറ്റുകൾ തിരുത്തുന്നതിന് പ്രത്യേക ഫീസ് ഈടാക്കുന്നില്ല.

(ബി&സി) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിലേക്ക് പ്രത്യേക ഫീസ് ഈടാക്കുന്നില്ല. എന്നാൽ തെറ്റുകൾ തിരുത്തുന്നതിന്റെ ഭാഗമായി സർട്ടിഫിക്കറ്റുകൾ മാറ്റി നൽകേണ്ടി വരികയാണെങ്കിൽ അത്തരം ക്രമക്കേടുകൾ സംഭവിക്കുന്നതിന് ഉത്തരവാദികളായവരിൽ നിന്നും (ഹെഡ്മാസ്റ്റർ/പരീക്ഷാർത്ഥി) സർട്ടിഫിക്കറ്റിന്റെ വില നിർദ്ദിഷ്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച് രസീത് ഹാജരാക്കുന്നതിന് ആവശ്യപ്പെടാറുണ്ട്. പരീക്ഷാ ഭവനിൽ നിന്നും സംഭവിക്കുന്ന തെറ്റുകൾ തിരുത്തുന്നതിന് സർട്ടിഫിക്കറ്റിന്റെ വില ഈടാക്കുന്നില്ല.

എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് ബുക്കിനുള്ള അപേക്ഷകൾ

102 (3661) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് ബുക്കിനുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളത് എന്ന് മുതലുള്ളവയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

1995 മുതൽക്കുള്ള അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	–	506
കൊല്ലം	–	401
ആലപ്പുഴ	–	296
കോട്ടയം	–	179
ഇടുക്കി	–	72
പത്തനംതിട്ട	–	211
എറണാകുളം	–	309
തൃശ്ശൂർ	–	260
കോഴിക്കോട്	–	350
വയനാട്	–	50
മലപ്പുറം	–	405
പാലക്കാട്	–	100
കണ്ണൂർ	–	435
കാസർഗോഡ്	–	92

LIBRARY ARCHIVES Kerala Legislative Assembly